**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2067** **12-09-2023 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന ഫിറ്റ്നസ് ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന്റെ കീഴിൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് സഞ്ചരിക്കുന്ന ഫിറ്റ്നസ് ലാബ് എന്ന സംവിധാനം നിലവിലുണ്ടോയെന്നും ആയത് നിലവിൽ ഏത് ജില്ലയിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | വിദ്യാർത്ഥികളുടെ ആരോഗ്യ, കായികക്ഷമത പരിശോധിക്കുക, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുക എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കിയ പദ്ധതിയാണ് ഫിറ്റ്നസ് ടെസ്റ്റ് ആൻഡ് ആന്റി ഡ്രഗ് അവയർനസ് ക്യാമ്പയിൻ, സ്കൂളിലെത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുന്നതിനായി മൊബൈൽ പരിശോധന യൂണിറ്റുകൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. നിലവിൽ ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം ഉപയോഗിച്ച് എത്ര സ്കൂളുകളിൽ എത്ര കുട്ടികളുടെ ഫിറ്റ്നസ് പരിശോധിച്ചുവെന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കാമോ; | (ബി) | ട്രാൻസ് സ്റ്റേഡിയ ഹോൾഡിങ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പ്രൈവറ്റ് കമ്പനിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 64 സ്കൂളുകളിലെ 8119 കുട്ടികളുടെ ഫിറ്റ്നസ് ഈ പദ്ധതി പ്രകാരം പരിശോധിച്ചിട്ടുണ്ട്. |
| (സി) | അവസാനമായി പ്രസ്തുത ലാബ് ഏത് സ്കൂളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്നും ഏത് തീയതികളിൽ ആണെന്നുമുള്ള വിവരം ലഭ്യമാകുമോ; | (സി) | ഗവൺമെന്റ് യു.പി.സ്കൂൾ അഴീക്കോട്, തിരുവനന്തപുരം സ്കൂളിൽ 10.03.2023 തീയതിയിലാണ് അവസാനമായി ടെസ്റ്റ് നടന്നത്. |
| (ഡി) | പ്രസ്തുത സംവിധാനത്തിനു വേണ്ടി സർക്കാർ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഹെൽത്ത് ആൻഡ് ഫിറ്റ്നസ് അസ്സെസ്സ്മെന്റ് ക്യാമ്പയിൻ പദ്ധതിക്കായി 86,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ